നിക്ഷേപ സബ്സിഡി നൽകുകയുണ്ടായി. മാത്രമല്ല 803 ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് വിത്ത് മൂലധന വായ്പയും 28 വ്യവസായ സഹകരണ സംഘങ്ങൾക്ക് ഓഹരി പങ്കാളിത്തവും 41 വ്യവസായ സഹകരണ സംഘങ്ങൾക്ക് ധനസഹായവും നൽകുകയുണ്ടായി.

(സി) താഴെപ്പറയുന്ന ചില പദ്ധതികൾക്ക് തുടക്കമിട്ടിട്ടുണ്ട്.

(1) വ്യവസായ സമുച്ചയ പദ്ധതി (2) വിപണന പദ്ധതി (3) വിപണന പ്രചോദനം (4) മാർജിൻമണി/സീഡ് ക്യാപ്പിറ്റൽ ലോൺ എന്നിവ വാങ്ങി കുടിശ്ശിക വരുത്തിയ വ്യവസായങ്ങൾക്ക് സഹായമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.

പരിയാരം മെഡിക്കൽ കോളേജിന്റെ വികസനം

24 (*T264) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിയാരം മെഡിക്കൽ കോളേജ് ഒരു മികച്ച സ്ഥാപനമാക്കി തീർക്കുന്നതിന് എന്തെല്ലാം നടപടികളെടുക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനായി എന്ത് ചെലവ് വേണ്ടി വരുമെന്ന് പറയാമോ ; ഈ സ്ഥാപനത്തിൽ ശസ്ത്രക്രിയയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) :

(എ)

1. ആധുനിക ചികിത്സാരംഗത്തെ മുഴുവൻ സ്പെഷ്യാലിറ്റി സൗകര്യങ്ങളും ഒരുക്കിക്കൊണ്ട് കുറഞ്ഞ നിരക്കിൽ ചികിത്സ ലഭ്യമാക്കുക.
2. ഇതിനകം ഒരുക്കിക്കഴിഞ്ഞ സി.ടി. സ്കാൻ, കോബാൾട്ട് തെറാപ്പി, ഡയാലിസിസ് മെഷീൻ, ബ്റോംകോസ്റ്റ് കോപ്പി, എൻഡോസ്കോപ്പി എന്നിവയ്ക്കു പുറമേ എം.ആർ.ഐ. സ്കാനിംഗ് അടക്കമുള്ള അത്യാധുനിക ഉപകരണങ്ങൾ കൂടി ഒരുക്കാൻ ഉദ്ദേശിക്കുന്നു.
3. പതിനാറ് ഓപ്പറേഷൻ തീയേറ്ററുകൾ അടങ്ങുന്ന തീയേറ്റർ സമുച്ചയത്തിൽ എല്ലാതരം ശസ്ത്രക്രിയകളും ചെയ്യുവാനുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊണ്ടിരിക്കുകയാണ്.
4. വിദഗ്ദ്ധരായ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കി വരുന്നു.

'T'മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

5. ഹൃദ്രോഗ ചികിത്സക്കാവശ്യമായ ആധുനിക ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്.

6. കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, പൊതുമേഖലാ ജീവനക്കാർ എന്നിവർക്ക് ചികിത്സാ ,സൗകര്യങ്ങൾ ലഭ്യമാക്കുകയും ചികിത്സകൾക്ക് പരിയാരം മെഡിക്കൽ കോളേജിനെ അംഗീകരിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളുകയും ചെയ്യുക തുടങ്ങിയവയാണ്.

(ബി) മെഡിക്കൽ കോളേജിനാവശ്യമായ കെട്ടിടത്തിനും, ഉപകരണങ്ങൾക്കുമായി ഏകദേശം 130 കോടിയോളം ചെലവഴിച്ചു കഴിഞ്ഞു. നിലവിൽ ഏഴ് തിയേറ്ററുകൾ ആശുപത്രിയിൽ പ്രവർത്തിക്കുന്നുണ്ട് ഇതോടൊപ്പം 16 ഓപ്പറേഷൻ തീയേറ്റർ അടങ്ങുന്ന തീയേറ്റർ സമുച്ചയത്തിന്റെ പണി ഏതാണ്ട് പൂർത്തിയായി വരുന്നു. ഹൃദയ ശസ്ത്രക്രിയകൾക്ക് പൂർണ്ണമായി സജ്ജീകരിച്ച നാല് ഓപ്പറേഷൻ തിയേറ്ററുകൾ 'സഹകരണ ഹൃദയാലയ' എന്ന പേരിൽ വേറെയും ഒരുക്കിക്കഴിഞ്ഞു. നഴ്സിംഗ് കോളേജ്, നഴ്സിംഗ് സ്കൂൾ, ഫാർമസി കോളേജ്, ഡന്റൽ കോളേജ് എന്നിവയ്ക്കുള്ള കെട്ടിടങ്ങൾ നിർമ്മിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആയതിന് 20 കോടിയോളം രൂപ ചിലവ് വരും.

വാഹനങ്ങളിൽ നിന്നും വമിക്കപ്പെടുന്ന പുക മലിനീകരണം തടയാൻ നടപടി

25 (*265) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നിരത്തുകളിൽക്കൂടി ഓടുന്ന സർക്കാർ/സ്വകാര്യ ബസ്സുകളിൽ നിന്നും വമിക്കപ്പെടുന്ന പുക അന്തരീക്ഷത്തിൽ ഉണ്ടാക്കുന്ന മലിനീകരണം എത്രത്തോളമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) കെ.എസ്.ആർ.ടി.സി. ബസ്സുകൾ യഥാസമയം പുക പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ ;

(സി) സ്വകാര്യ ബസ്സുകളിലെ പുക പരിശോധന സർട്ടിഫിക്കറ്റ് യഥാസമയം പുതുക്കുന്നുണ്ടോ എന്ന് കർശനമായി പരിശോധിക്കുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ, പ്രസ്തുത പരിശോധനയ്ക്കുള്ള നടപടികൾ അടിയന്തിരമായി കൈക്കൊള്ളുമോ ;

(ഇ) സംസ്ഥാനത്ത് ഓടുന്ന സർക്കാർ/സ്വകാര്യ ബസ്സുകളിൽ കാലപ്പഴക്കം ചെന്നവയെ നിരത്തുകളിൽ നിന്നും പൂർണ്ണമായി ഒഴിവാക്കുന്നതിന് സർക്കാർ തയ്യാറാകുമോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly